അദ്ധ്യാപക-രക്ഷകർതൃ സമിതി 25,000 രൂപ ഗവൺമെന്റിൽ കെട്ടിവച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത കെട്ടിടം നിർമ്മാണത്തിന് പൊതുവിദ്യാഭ്യാസ വകുപ്പ് ഭരണാനുമതി നൽകിയിട്ട് എത്ര വർഷമായി ;

(സി) നിർമ്മാണ പ്രവൃത്തി ടെൻഡർ ചെയ്യാതിരിക്കുന്നതിന്റെ കാരണമെന്താണ് ?

ഉത്തരം

(എ) ഉണ്ട്.

(ബി) 16-8-1983-ലെ ജി. ഒ. ആർ. റ്റി. നമ്പർ 2630/83 പൊ. വി. പ്രകാരം ഒരു കെട്ടിടത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) ആവശ്യമായ തുകയുടെ അഭാവമാണ് കാരണം. സാമ്പത്തിക നില മെച്ചപ്പെടുമ്പോൾ തക്ക നടപടികൾ സ്വീകരിക്കുന്നതാണ്.

ചെറുതാഴം ഗവൺമെന്റ് ഹൈസ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണം

1167 [1600] ശ്രീ. എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ കെട്ടിട നിർമ്മാണത്തിനുവേണ്ടി ഗവൺമെന്റ് പുതുക്കിയ മുൻഗണനാ ലിസ്റ്റിൽ ചെറുതാഴം ഗവൺമെന്റ് ഹൈസ്കൂളിനുള്ള മുൻഗണനാക്രമം എതാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സ്കൂൾ കെട്ടിടത്തിനുവേണ്ടി പുതുക്കിയ മുൻഗണനാലിസ്റ്റിൽ 3-ാം വിഭാഗത്തിൽ കണ്ണൂർ ജില്ലയിൽ പ്രോഗ്രസ്സീവ് സീരിയൽ നമ്പർ 883-ം ജില്ലാതല ക്രമ നമ്പർ 76-ം ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) സ്കൂൾ കെട്ടിട നിർമ്മാണത്തിനുള്ള ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പണി ആരംഭിക്കുന്നതാണ്.

പുല്ലൂർ ഗവൺമെന്റ് ലോവർ പ്രൈമറി സ്കൂളിന് കെട്ടിടം

1168 [1601] ശ്രീ. വി. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽപ്പെട്ട പുല്ലൂർ ഗവൺമെന്റ് ലോവർ പ്രൈമറി സ്കൂളിന് കെട്ടിടം നിർമ്മിക്കാൻ വല്ല നിർദ്ദേശവും ഗവൺമെന്റിന്റെ പക്കൽ ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly